ഗുരുധർമ്മം പ്രചരിപ്പിക്കാൻ യോഗവും ധർമ്മസംഘവും ഒന്നിക്കണം-വെള്ളാപ്പള്ളി നടേശൻ

എസ്.എൻ.ഡി.പി. യോഗത്തിന്റെ മുഖപത്രം

2017 April 1 Rs. 12.50

# യോഗനാദം

ഗുരു വർഷം 162
ശ്രീനാരായണ ധർമ്മ പരിപാലന യോഗം




## നാട്ടിക ശ്രീനാരായണ കോളേജ് സുവർണ്ണജൂബിലി ആഘോഷം

ഒരു മണിക്കൂർ കഴിഞ്ഞിട്ടുണ്ട് നടത്തം തുടങ്ങിയിട്ട്.

ചുറ്റും തണലിന്റെ ലാഞ്ചന പോലുമില്ലാതെ വെയിൽപ്പറ്റിപ്പിടിച്ചു നിൽക്കുന്നു.

മഞ്ഞളിച്ചു പോകുന്ന കണ്ണുകൾക്ക് മുൻപിൽ പാമ്പിനെപ്പോലെ വളഞ്ഞു പുളഞ്ഞു കിടക്കുകയാണ് മലമ്പാത.

ഭാഗ്യം പോലെ വഴിയിലേക്ക് തല നീട്ടി നിന്ന ഒറ്റമരത്തിന്റെ ചുവട്ടിൽ കിതച്ചുകൊണ്ടു നിന്നു. തിരിഞ്ഞു നോക്കുമ്പോൾ മുത്തു പിന്നാലെ തന്നെയുണ്ട്. ബാല്യം വിട്ടൊഴിയാത്ത മുഖത്ത് വിയർപ്പു തുള്ളികൾ കാണാം. വല്യ ക്ഷീണമൊന്നും കണ്ടില്ല. അവന്റെ സ്ഥിരം വഴിയല്ലേ. പിന്നെങ്ങനെ ക്ഷീണിക്കാനാണ്.

തന്റെ നോട്ടത്തിന്റെ അർത്ഥം തിരിഞ്ഞിട്ടാവണം ചോദിക്കാതെ തന്നെ അവൻ പറഞ്ഞു.

"ഇതുക്ക് മേലെ ഒരു രണ്ട് കിലോമീറ്റർ ഇരുക്കും സർ."

രണ്ട് കിലോമീറ്ററോ? ദൈവമേ, ഇത്രയും ദുർഘടമാണെന്നറിഞ്ഞിരുന്നുവെങ്കിൽ ഈ നടപ്പിനു മുതിരില്ലായിരുന്നു.

വഴിയെല്ലാം രാഹുലൻ കൃത്യമായി പറഞ്ഞു വച്ചിരുന്നു. മേലുവാരിയിൽ ബസ്സിറങ്ങണം. അവിടെത്തന്നെയാണ് മുകുന്ദേട്ടന്റെ ചായക്കട. അവിടെ അന്വേഷിച്ചാൽ മുകുന്ദേട്ടൻ വഴിയൊക്കെ പറഞ്ഞു തരും. എല്ലാം അവൻ പറഞ്ഞേൽപ്പിച്ചിട്ടുണ്ട്.

അതിനൊന്നും ഒരു മാറ്റവും ഉണ്ടായില്ല. രാവിലെ ഒൻപതു മണിക്കുതന്നെ മേലുവാരിയിൽ ബസ്സിറങ്ങി. നാലഞ്ചു കടകളും അവിടെയുമിവിടെയും നിർത്തിയിട്ട ചില വാഹനങ്ങളുമായി തിരക്കഭിനയിക്കുന്ന ഒരു ചെറുകവല. മുകുന്ദേട്ടന്റെ കട കണ്ടു പിടിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. കണ്ടപ്പഴേ അങ്ങേർക്ക് ആളെ മനസ്സിലായി.

നമ്മ രാഹുലന്റെ കൂട്ടുകാരനല്ലേ. ഓൻ പറഞ്ഞാർന്നു. സാറ് ഇരിക്ക് .

നാട്ടിൻപുറത്തെ ചായക്കടയുടെ വിനയം നെഞ്ചേറ്റിയ മരബെഞ്ചിലേക്ക് ഇരുന്നപ്പോൾ അത് ഇളകിക്കരഞ്ഞു.

സമോവറിൽ നിന്ന് വെള്ളമെടുത്ത് ചായപ്പൊടിയും പാലും ചേർത്ത് 'ശൂ' ശബ്ദത്തോടെ ചായ ആറ്റുമ്പോൾ മുകുന്ദേട്ടൻ പറ

# വഴി

ശിവദാസൻ എ .കെ



ഞ്ഞു.

സംഗതിയൊന്നും കൊഴപ്പങ്ങളാർന്നില്ല. പക്ഷേങ്കീ ഇന്നു രാവിലെയാ ഇവിടൊര് പഞ്ചായത്ത് മെമ്പറ് മരിച്ചത്. ജീപ്പുകാരും റിക്ഷക്കാരും ഓരുടെ യൂണിയനിൽപ്പെട്ടതാണ്. അതോണ്ട് അവരിന്ന് ഓട്ടം വേണ്ടാന്ന് വച്ചു. തന്ന് വിടാനിവിടെ ടൂവീലറൊന്നുല്യ. എന്നാലും പേടിക്കണ്ട. തേവർത്തോട്ടത്തിലേക്ക് നടക്കാവുന്ന ദൂരമേയുള്ളൂ. ഒരഞ്ച് കിലോമീറ്റർ.

ഇത്രയും പറഞ്ഞ് തന്റെ ആരോഗ്യമളക്കുന്നതു പോലെ അയാളൊന്ന് നോക്കി.

അഞ്ചു കിലോമീറ്ററോ? പകച്ചിരിക്കുമ്പോൾ ഒരു സ്വാന്തനമെന്നോണം അയാൾ തുടർന്നു.

“പ്രൈവറ്റ് ജീപ്പോള് ഇഷ്ടം പോലേണ്ട്. നടപ്പിനെടേല് എന്തായാലും ഒന്ന് കിട്ടാണ്ടിരിക്കില്ല. പിന്നെ സാറ് പറഞ്ഞ അഡ്രസ്സില് ഒരാള് അവിടുള്ളതായി എനിക്കറിവില്ല. ന്തായാലും ഇവിടം വരെ വന്നതല്ലെ. പോയിത്തന്നെ അന്വേക്ഷിക്കാ നല്ലത്.”

കുറച്ച് കഴിഞ്ഞ് അല്പം ജിജ്ഞാസയോടെ അയാൾ ചോദിച്ചു.

“അല്ലാ, ഇദ്ദിപ്പോ സാറിന്റെ ആരായിട്ട് വരും?”

അനാവശ്യമായ ചോദ്യമാണ്. എന്നാലും തെറ്റു പറയാൻ പറ്റില്ല. അന്വേക്ഷിക്കുന്നത് ഒരു സ്ത്രീയെപ്പറ്റിയാണല്ലോ.


ഒരു നിമിഷം പരുങ്ങിപ്പോയി. ‘ചമ്പ.’ ആരാണവൾ തനിക്ക്.

കാമുകിയോ അതോ വെറുമൊരിഷ്ടക്കാരിയോ. ഏതിനത്തിലാണ് താനവളെ പെടുത്തിയിട്ടുള്ളത്.

“നാട്ടിലെ ബനിയൻ കംപനീല് പണിക്ക് വന്നിരുന്നയാളാണ്. പുതിയൊരു കമ്പനി തുടങ്ങ്യാക്കൊള്ളാമെന്നുണ്ട്. പണിയറിയുന്നോരാവുമ്പോ അവരുടെ തന്നെ കെയറോഫിൽ കുറച്ചാൾക്കാരെ ഒന്നിച്ചു കിട്ടൂല്ലോ.” എങ്ങിനെയോ പറഞ്ഞൊപ്പിച്ചു.

“അത് ശരിയാ ”മുകുന്ദേട്ടൻ വെറുതേ തല കുലുക്കി. കൂടുതൽ ചോദ്യങ്ങൾക്കയാൾ മുതിരുന്നു എന്ന് തോന്നിയപ്പഴാണ് എഴുന്നേറ്റത്.

പുറത്തേക്ക് നടക്കവെ അയാൾ ഒപ്പം വന്നു. തൊട്ടപ്പുറത്തെ പലചരക്കുകടയിലേക്ക് നോക്കി നീട്ടി



വിളിച്ചു.

“മുത്തൂ---ടേയ് മുത്തൂ.”

ഒരു പയ്യൻ പെട്ടെന്ന് പുറത്തേക്ക് വന്നു. പതിനഞ്ചു വയസ്സിനപ്പുറം പോകില്ല. കണ്ടിട്ട് തമിഴ് പയ്യന്റെ ഒരു ലക്ഷണവുമില്ല.

“പാർടാ, ഇത് നമ്മ സ്വന്ത ആള്. അവരുക്ക് ഊരിലെ ഒരക്കാവെ പാക്കണം. നീ അവർകൂടെ പോയി ചിന്ന ഹെൽപ്പ് പണ്ണിക്കൊടടാ.”

എന്തായാലും മുകുന്ദേട്ടനോട് വലിയ നന്ദി തോന്നി. ഇത്രയ്ക്ക് ഒരു സഹായമെങ്കിലും ചെയ്തല്ലോ. അതോ, രാഹുലനോടുള്ള സ്നേഹമോ.

ഒരു കുപ്പി വെള്ളവും വാങ്ങി ബാഗിലിട്ട് നടപ്പു തുടങ്ങിയപ്പോഴാണ് അമ്പരന്ന് പോയത്.

ഇടയ്ക്കിടെ പായുന്ന ഫോർവീൽ ജീപ്പുകൾ കുലുക്കിയിട്ട ഉരുളൻ കല്ലുകളാണ് മൺപാത നിറയെ. അവിടെയുമിവിടെയും ആളൊപ്പം വളർന്നിരിക്കുന്ന കള്ളിച്ചെടികളെ കാണാം. ചെമണ്ണ് പുതച്ചു നിൽക്കുന്ന കുറ്റിച്ചെടികൾ. ആരും താമസക്കാരേയില്ല. നോക്കെത്താദൂരം നീലാകാശത്തിനെ മുത്തമിടുന്ന കറുത്ത മലകൾ. അതിനിടയിലെവിടെയോ നൂണ്ടൊളിഞ്ഞ് ഇല്ലാതാവുന്ന റോഡ്.

ചമ്പ അവിടെ ഉണ്ടാവില്ലേ. ഇല്ലെങ്കിൽ ഈ കഷ്ടപ്പാടൊക്കെ വെറുതേയാണ്. പക്ഷേ രാഹുലൻ നുണ പറയില്ല. അവനവളെ കണ്ടതാണ്. താമസം ഇവിടെയാണെന്ന്

അവൾ പറഞ്ഞിട്ടുണ്ട്. എത്രയോ നാളായി മറന്ന് കിടന്നതാണ്. പക്ഷേ അവൻ പറഞ്ഞപ്പോൾ എവിടെയോ പൊട്ടിത്തരിക്കുന്നു. മദ്ധ്യവയസ്സ് അവളെ കൂടുതൽ സുന്ദരിയാക്കിയത്രെ. ഗോതമ്പിന്റെ നിറമുള്ള കൊഴുത്തൊരുടൽ മനക്കണ്ണിൽ നിറയുന്നു. വിയർപ്പിനു പോലും മുല്ലപ്പൂവിന്റെ മണം.

“സർ, അത് നാഗത്താൻ മല.” മുത്തു -അല്ല ബാബു. അവന്റെ യഥാർത്ഥ പേർ ബാബുവെന്നാണത്രെ. കിഴക്ക്വശത്തേക്ക് കൈ ചൂണ്ടി.

അവൻ ചൂണ്ടിയിടത്തേക്ക് നോക്കി. മൂന്ന് തലയുള്ള ഒരു ഉഗ്ര സർപ്പം പത്തി വിരിച്ചാടുന്ന പോലുണ്ട്. നീല മേഘങ്ങൾ അതിന്റെ വായിൽ നിന്ന് ചീറ്റിയ വിഷം പോലെ ചിതറിത്തെറിച്ച് പോകുന്നു.

നടക്കാൻ തുടങ്ങും മുമ്പേ അവനെ പരിചയപ്പെട്ടിരുന്നു.

“ബാബൂ നിനക്ക് വീട്ടിൽ ആരൊക്കെയുണ്ട്?”



"അമ്മാ മട്ടും സർ. പേര് ശെൽവമണി. അപ്പാവെ നാൻ പാക്കലെ. ഞാൻ പൊറക്കരുതുക്കു മുന്നാടി എരന്തു* പോച്ച്. അപ്പാ ഒരു മലയാളത്തുക്കാരൻ. അതിനാല് ഞാൻ ഒരു പാതി തമിഴൻ. പാതി മലയാളി ." അവൻ തമാശ മട്ടിൽ പറഞ്ഞു.

നീ പഠിയ്ക്കുന്നുണ്ടോ

"ആമാം സാർ. ഒൻപതാവതു ക്ളാസ്സിൽ. ഇന്നേക്ക് ശനി വിടുമൊറൈ**. അതിനാലെ നാൻ ചിന്ന , ചിന്ന വേലെയേയല്ലാം പാക്കറുത്ക്ക്താൻ ടൗണില് വന്തോം"

"ഇന്ത നാഗത്താൻ മലയ്ക്ക് മേലെ നെറയെ വിഷസർപ്പങ്ങളിരുക്ക്. ആടിമാസത്തില് താൻ തിരുവിഴാ." ദൂരെയെവിടെയോ ഒരു ക്ഷേത്രത്തിന്റെ തലപ്പ് കണ്ടതുപോലെ .

അല്പം ഭയം തോന്നി.

പരന്നുകിടക്കുന്ന കള്ളിമുൾക്കാട് കണ്ടപ്പഴേ തോന്നിയതാണ് വിഷപ്പാമ്പുകൾക്ക് പുളഞ്ഞു നടക്കാൻ പറ്റിയ ഇടം. എന്തൊക്കെ ബുദ്ധിമുട്ടുകളാണ് സഹിക്കുന്നത്.

പക്ഷേ ചമ്പയെക്കണ്ടാൽ, അവൾ പണ്ടത്തെ പെണ്ണു തന്നെയാവുമോ. കുടുംബമായി കഴിയുകയാവില്ലേ. പക്ഷേ അവൾക്ക് ഭർത്താവില്ലെന്ന് പറഞ്ഞത് രാഹുലനാണ്. മരിച്ചു പോയിരിക്കും. അത് നന്നായി. ഇങ്ങനെയൊരു യാത്രക്ക് കാരണവും അതു തന്നെ. മനസ്സ് നിറയെ ഇക്കിളി കൂട്ടുന്ന ഓർമ്മകളാണ്.

നാട്ടിൽ തുടങ്ങിയ ബനിയൻ കമ്പനിയിലേക്ക് തിരുപ്പൂരിൽ നിന്നും നാഗരാജചെട്ടിയാർ തമിഴത്തിപ്പെൺകുട്ടികളെ പണിക്കു കൊണ്ടു വന്നത്. സൂപ്പർവൈസർ പോസ്ററിൽ വിലസിയിരുന്ന താൻ അവർക്ക് ദൈവം പോലെയായിരുന്നു. യൗവ്വനത്തിന്റെ മതി വരാത്ത മോഹങ്ങളുമായി മേഞ്ഞു നടക്കുകയായിരുന്നു താനും. നിഷ്കളങ്കരായ ചില മനുഷ്യരുടെ ശാപം തന്നെ പിൻതുടരുന്നുണ്ടോ. ഉള്ളിൽ എവിടെയോ ഒരു ഞെട്ടൽ. ഒരു കുഞ്ഞിന്റെ പാദപതനം ഏൽക്കാത്ത ശബ്ദമില്ലാത്ത വീട് മനസ്സിൽ തെളിഞ്ഞു. ഉണർന്നു വരുന്ന അവയവങ്ങൾക്ക് നേരിയ തളർച്ച പോലെ.

പക്ഷേ അവൾ . ചമ്പ . മറക്കാൻ പറ്റുന്നില്ല. ചെട്ടിയാർ രണ്ടാമത് കൊണ്ടുവന്നവരുടെ കൂട്ടത്തിലായിരുന്നു അവൾ വന്നത്.

അടുത്ത ദിവസം നൈറ്റ് സൂപ്പർവൈസറായിരുന്ന രാഹുലനാണ് പറഞ്ഞത്.

"എടാ അസ്സലൊരു സാധനം.കണ്ടാ തമിഴത്ത്യാന്ന് പറയേല്ല്യ."

പിറ്റേന്ന് അവളെ കാത്തിരുന്ന് കണ്ടു.

രാഹുലന്റെ വാക്കുകൾ തികച്ചും ശരിയായിരുന്നു.

ഉള്ളിലെവിടെയോ പിടഞ്ഞുണരുന്ന മോഹങ്ങൾ.

ഇളക്കക്കാരിയായ പെണ്ണ്. അവളെപ്പറ്റി കഥകൾ വളരെ പെട്ടെന്നാണ് പ്രചരിച്ചത്. അതും ഓരോ പുരുഷൻമാരോടൊപ്പം ചേർത്ത്. അവിടെക്കണ്ടു ഇവിടെക്കണ്ടു എന്നെല്ലാം. അറിയുന്തോറും വാശി കൂടുകയായിരുന്നു. താനിവിടുള്ളപ്പോൾ തന്നെ മറന്നൊരു പ്രണയക്കാരിയോ.

പക്ഷേ ചമ്പ തനിക്ക് അകലെത്തന്നെയായിരുന്നു. വെള്ളബനിയൻ കൂമ്പാരങ്ങൾക്ക് മേൽ പഞ്ഞിനാരുമായി കാതോട് കാത് കഥ പറഞ്ഞുനടന്ന കാറ്റിനപ്പുറം അവൾ ആരെയും കൂസാതെ നടന്നു.

അപ്രതീക്ഷിതമായാണ് അവസരം വന്നത്. ഉച്ച കഴിഞ്ഞുള്ള ഷിഫ്റ്റിൽ ഒരു പണിക്കാരി തല കറങ്ങി വീണെന്ന വാർത്ത കേട്ടാണ് പോയത്. നോക്കിയപ്പോൾ ചമ്പയാണ്. പായ്ക്ക് ചെയ്യാനെടുത്ത ബനിയനുകൾ ഒരരുകിലേക്ക് മാറ്റി മേശയുടെ അറ്റത്ത് അവളെ കിടത്തിയിരിക്കുന്നത് കണ്ടു. നാലഞ്ചു പേർ ചുറ്റും കൂടി നിന്ന് മുഖത്ത് വെള്ളം തളിക്കുകയും കുലുക്കി വിളിക്കുകയുമൊക്കെ ചെയ്യുന്നു. വെളുവെളുത്ത തുണിക്കൂമ്പാരത്തിൽ പുളഞ്ഞു കിടക്കുന്ന പൊന്നരഞ്ഞാണം പോലെ തോന്നി. പെട്ടെന്ന് ജീപ്പെടുത്തു. അവളെയും താങ്ങിയെടുത്ത് രണ്ട് പേർ പിറകിൽ കയറി.

കാര്യമായ അസുഖമുണ്ടെന്ന് പറയാനില്ല. ഷുഗർ ഡൗണാണ്. എന്തായാലും ഇന്നിവിടെ കിടക്കട്ടെ. ഡോക്ടറുടെ വാക്കുകളിൽ പെട്ടെന്നാണ് ഒരു പ്രതീക്ഷ കണ്ടെത്തിയത്.

അവളോടടുക്കാൻ ദൈവം കാണിച്ചു തന്ന വഴിയാണെന്ന് തോന്നി. ഒരു ദിവസം അവൾക്ക് കൂട്ടായി ആശുപത്രിയിൽ. അവിടെ നിന്ന് അത് വളരുകയായിരുന്നു. പലർക്കും കൊടുത്ത പോലെ അവൾക്കും കൊടുത്തിരുന്നു ചില വാഗ്ദാനങ്ങൾ. പിന്നിടെപ്പോഴൊക്കെയോ ഇരുട്ടൊളിച്ചിരുന്ന ഗൊഡൗണിന്റെ തണുത്ത തറയിൽ അവളൊരു സുവർണ്ണനാഗമായി. ഓർമ്മയിലെവിടേയോ മെയ് നിറഞ്ഞാടുന്ന നിശ്വാസങ്ങൾ. ഗോതമ്പുനിറമുള്ള അടിവയറ്റിലെ തൊട്ടെടുക്കാവുന്ന തണുപ്പ്. എല്ലാം വീണ്ടും, വീണ്ടും പിടിച്ചുലയ്ക്കുന്നു.വല്ലാത്തൊരു ആർത്തിയോടെ.

രാഹുലൻ പകുതി കളിയായും പകുതി കാര്യമായുമാണ് പറഞ്ഞത്.

ഇടയ്ക്കൊക്കെ ഒരു ചേഞ്ചൊക്കെ വേണ്ടതല്ലെ. മുട്ടിനോക്കിക്കോ നിന്റെ സ്വന്തം കക്ഷിയല്ലായിരുന്നോ.

അതേ, മൂന്ന് മാസത്തെ ബന്ധമേ ഉള്ളെങ്കിലും അവൾക്ക് തന്നെ അങ്ങനെയങ്ങ് നിഷേധിക്കാൻ പറ്റുമോ.

പൊങ്കലവധിക്ക് പോയതായിരുന്നു അവൾ. ആ അവധിക്കാലം കഴിയുമ്പോഴേക്കും അവകാശത്തർക്കങ്ങളിൽപ്പെട്ട് കമ്പനി പൂട്ടാനുള്ള നീക്കങ്ങൾ തുടങ്ങിയിരുന്നു. കേരളത്തിലെ തന്റെ ബിസിനസ്സ് മോഹങ്ങൾ ഉപേക്ഷിച്ച് നാഗരാജ ചെട്ടിയാർ തിരുപ്പൂരിലേക്ക് തന്നെ ശ്രദ്ധയൂന്നി. ചമ്പ ഒരു പ്രഹേളികയായി മാറി . അതു നന്നായെന്ന് തോന്നി. വീട്ടിൽ വിവാഹലോചനകൾ തുടങ്ങിയിരുന്നു. അവൾ വന്നാലതൊരു ബാദ്ധ്യതയാണ്. പുതിയ ഒഴിവുകഴിവുകൾ കണ്ടെത്തുന്നത് അത്ര എളുപ്പമല്ല. അവളുടെ മനസ്സിൽ ഈ ബന്ധം ഒരിക്കലും ചെറുതായിരുന്നില്ലല്ലോ. ഇപ്പോൾ നാളുകൾക്കു ശേഷം അവളെ കാണുമ്പോൾ താനെ

ന്താണ് പറയുക.

“ആഹാ! റൊമ്പ അഴകാന പൂ.”

ബാബുവിന്റെ സ്വരം ഓർമ്മക ളിൽ നിന്നുണർത്തി.

ശരിയാണ്. പച്ച പുതച്ച കള്ളി ച്ചെടികൾക്കിടയിലെ ചുമന്നു തുടുത്ത പൂവ് കാണാൻ നല്ല ഭംഗി യുണ്ട്.

ബാബു കുറ്റിച്ചെടികളെ വക ഞ്ഞുമാറ്റി പൂവിനടുത്തേക്ക് പോകു ന്നു.

നിഴലുകളിൽ പതുങ്ങിയിരുന്ന കാട്ടുപക്ഷികൾ മേലോട്ട് ചിറക ടിച്ചു പറന്നു. ചുറ്റും പേരറിയാപ്പൂ ക്കളുടെ ഉന്മത്തഗന്ധം.

അവനത് പറിക്കാനുള്ള തയ്യാ റെടുപ്പാണ്. തണ്ടൊടിച്ച് പൂക്കാ വടി പോലെ അത് ഉയർത്തിപ്പിടിച്ച് അവൻ വിജയഭാവത്തിൽ നോക്കു ന്നു.

ഇവനിപ്പോഴും കുട്ടിത്തം മാറി യിട്ടില്ല.

പെട്ടെന്നാണ് ഒരലറിക്കരച്ചി ലോടെ അവൻ താഴേക്കിരുന്നത്. ഞെട്ടിപ്പോയി. കുറ്റിക്കാടുകൾക്കിട യിലൂടെ പാഞ്ഞ് ചെന്നപ്പോഴാണത് കണ്ടത്.

അടിമുടി ഒരു തരിപ്പ് കയറിയിറ ങ്ങിപ്പോയി.

ചെടികളെ വട്ടമിട്ട് മെല്ലെ ഇഴ ഞ്ഞുമറിയുകയാണ് കരിനീലനാ ഗം. കരിനീലനിറത്തിൽ സ്വർണ്ണവർണ്ണത്തിലുള്ള വരകൾ.

ദൈവമേ! എന്തിനം പാമ്പാണി ത്.

ബാബുവിനെ നോക്കി. പേടിച്ചു വിറക്കുകയാണവൻ. കാലിലെ പെരുവിരലിൽ നിന്ന് ഊർന്നിറ ങ്ങുന്ന ചോര.

“സർപ്പം കൊത്തിയാച്ച് സാർ.”


വിറയ്ക്കുന്ന കൈകൾ ചൂണ്ടി അവൻ പറഞ്ഞു.

എന്ത് ചെയ്യാനാണ്. അറി യാത്ത നാട്. ഒരു മനുഷ്യജീവി പോലും അടുത്തില്ല.

ദേഷ്യമാണ് തോന്നിയത്. വഴി കാണിക്കാൻ വന്നവൻ കാട്ടിൽക യറി പൂ പറിക്കാൻ പോയിരിക്കു ന്നു.

കല്ലിൽക്കുത്തി മുറിച്ചെടുത്ത





കാട്ടുവള്ളി കൊണ്ട് ഉപ്പൂറ്റിയിൽ ഒന്ന് കെട്ടി. അവനെ എടുക്കേണ്ടി വന്നു. അത്രക്ക് തളർന്നിരിക്കുന്നു.

മുകുന്ദേട്ടന്റെ ഫോൺനമ്പർ വാങ്ങാത്തത് കഷ്ടമായിപ്പോയി. വാങ്ങിയാലും കാര്യമില്ല. പുറത്തെടുത്ത മൊബൈൽ ഫോൺ റേയ്ഞ്ചില്ലാതെ ഒറ്റപ്പെട്ടതിന്റെ വേവലാതിയുമായി കൈയ്യിലിരുന്നു.

അന്തിച്ചു നിൽക്കുമ്പോഴാണ്. മഹാഭാഗ്യം. ദൂരെ നിന്ന് പൊടിപറത്തി വന്നടുക്കുന്ന ഒരു വാഹനം. ജീപ്പ് തന്നെ.

വണ്ടിക്ക് കൈ കാണിക്കുകയല്ല. തടുക്കുകയായിരുന്നു. ഡ്രൈവർ അമ്പരപ്പോടെ നോക്കി. ഒറ്റ ശ്വാസത്തിൽ കാര്യം പറഞ്ഞു. വണ്ടിയോടിച്ചയാൾ പുറത്തേക്കിറങ്ങി.

"ആഹാ, ഇതു നമ്മുടെ മുത്തുവല്ലേ ശെൽവമ്മാളിന്റെ മകൻ."

അയാളുടെ പേര് തോമസ്. പ്ലാന്ററാണ്.

വണ്ടിയോടിക്കുമ്പോൾ അയാൾ പറഞ്ഞു.

" ഇവിടെ പാമ്പുകടി സാധാരണമാണ്. പലപ്പോഴും മരണവും. എന്തായാലും ഞാൻ വന്നത് ഭാഗ്യമായി. താലൂക്ക് ആശുപത്രിയിൽ വിഷചികിത്സക്ക് ഒരു ഡോക്ടറുണ്ട്. ഇവിടുത്തെ പ്രത്യേക സാഹചര്യത്തിൽ സമ്മർദ്ദം ചെലുത്തി കൊണ്ടു വന്നതാണ്. പക്ഷേ ഡോക്ടർ സ്ഥലത്തില്ലെങ്കിൽ പെട്ടുപോകും. ദൂരെ ടൗണിലുള്ള ആശുപത്രിയിലേക്ക് കൊണ്ടുപോകേണ്ടി വരും.

നിശബ്ദനായി കേട്ടിരുന്നു. ഒരു ബാദ്ധ്യത തലയിൽ വന്നു പെട്ട പോലെ. ആരെങ്കിലും ബന്ധക്കാർ വന്നാൽ അവരെയേൽപ്പിച്ച് തലയൂരാമായിരുന്നു. അവർ ടൗണിലേക്കോ, എവിടേക്കു വേണമെങ്കിലും കൊണ്ടുപൊക്കോട്ടെ. തനിക്കിതിലെന്താണ് കാര്യം.

ആശുപത്രിയിലെത്തിയതും തോമസ് വണ്ടി നിറുത്തി ധടുതിയിൽ അകത്തേക്ക് പോയി.

തിരിച്ചു വന്നയുടനെ പറഞ്ഞു. "ഭാഗ്യം ഡോക്ടറുണ്ട്. പിടിച്ചോ."

സ്ട്രച്ചറിൽ കിടക്കുന്ന അവന്റെ ബോധമറ്റ മുഖത്തേക്ക് നോക്കിയപ്പോൾ എവിടെയോ ഒന്ന് നൊന്തു. ഉള്ളിൽ ചുവന്ന വലിയ പൂവും പിടിച്ച് വിജയിയെപ്പോലെ നോക്കുന്ന അവന്റെ രൂപമാണ്.

പ്രാഥമിക പരിശോധനകൾക്ക് പിന്നെയും സമയമെടുത്തു.

അല്പം കഴിഞ്ഞ് തോമസ് വന്നു.

"പേടിക്കാനൊന്നൂല്യാന്നാ ഡോക്ടർ പറഞ്ഞത്. ഇവന്റെ വീട്ടുകാരെ വിവരമറിയിച്ചിട്ടുണ്ട്. അവരെന്തായാലും ഉച്ച കഴിഞ്ഞെത്തും. അതു വരെ സാറിവിടെ കാണുമല്ലോ അല്ലേ."

അയാൾ ഒന്നു നിർത്തി. വീണ്ടും തുടർന്നു.

"ഏലത്തിന്റെ ലേലദിവസമാണ്. അല്ലെങ്കിൽ ഞാനും നിന്നേനെ."

തോമസ് കടന്നു പോയിരിക്കുന്നു. ഉള്ളിൽ ദേഷ്യമാണോ, സങ്കടമാണോ എന്ന് പറയാൻ വയ്യ.

ഇതെന്തൊരു വയ്യാവേലിയാണ്. കിലോമീറ്ററുകൾ താണ്ടി വന്നതാണ്. ഒരു കാര്യവും നടന്നില്ല. ഇപ്പോൾ ഒരു പരിചയവുമില്ലാത്ത പയ്യന് കൂട്ടിരിപ്പ്. ഇന്നിനി ഒരു കാര്യവും നടക്കുമെന്ന് തോന്നുന്നില്ല. പറ്റുമെങ്കിൽ രാത്രി തങ്ങി നാളെ അന്വേഷണം നടത്താം.

ചിന്തകളിൽ മുഴുകി സമയം പോയതറിഞ്ഞില്ല. വയറ് കത്തിക്കാളുന്നു. കാലത്തു മുതൽ ഒന്നും കഴിച്ചിട്ടില്ല.

എന്തെങ്കിലും കഴിച്ചാലോ.

എഴുനേൽക്കുമ്പോൾ ഒരു നഴ്സ് മാടി വിളിക്കുന്നു.

നീണ്ട ലിസ്റ്റ് കൈയ്യിലേക്ക് തന്ന് അവർ പറഞ്ഞു.

"മരുന്നാണ്. പുറത്തു നിന്നും വാങ്ങണം."

ഇത് കൊള്ളാം. മരുന്നും തന്റെ ചിലവിൽ. ഇനി ബന്ധുക്കൾ വരുമ്പോഴെന്തു പറയും. താൻ കൊണ്ടു പോയി പാമ്പ് കടിപ്പിച്ചെന്നോ.

ഒരു ചെറിയ ഹോട്ടൽ കണ്ടു. എപ്പോഴൊ മരവിച്ച് വിളറിപ്പോയ ചോറ്. രുചികളൊന്നും അവശേഷിപ്പിക്കാത്ത കറികൾ.

വിശപ്പിന്റെ ബലത്തിൽ കുറച്ചു

കഴിച്ചു. തിരികെ മരുന്നും വാങ്ങി വരുമ്പോഴാണ് കണ്ടത്.

ബാബുവിനെ കിടത്തിയ വാർഡിനു മുമ്പിൽ നിന്ന് കരയുന്ന സ്ത്രീ. ആരൊക്കെയോ ആശ്വസിപ്പിക്കുന്നു.

അഴിഞ്ഞുലഞ്ഞ മുടി. കിളരം കൂടിയ ശരീരം. വാരിച്ചുറ്റിയ സാരി. പക്ഷേ അതേ നിറം. ഉള്ളിൽ ഒരു ഇടിമിന്നലോടി.

അതേ. അതവൾ തന്നെ ചമ്പ.

അവളെന്താണിവിടെ. ബാബു അവളുടെ മകനോ?

ചമ്പ എന്നാണ് ശെൽവമണിയായത്. അറിയില്ല. ഉള്ളിൽ ആഹ്ളാദത്തിന്റെ തിരത്തള്ളൽ. എത്രയോ ദൂരം താണ്ടി കഷ്ടപ്പെട്ട് അന്വേഷിച്ചു വന്നയാളിതാ മുന്നിൽ. മറ്റൊരു കാര്യം കൂടിയുണ്ട്. ബാബു. വീണ്ടും അവളുമായടുക്കാൻ ഒരു കാരണം കൂടി.

മരുന്ന് നഴ്സിനു കൊടുത്ത് അവൾക്ക് നേരെ തിരിഞ്ഞു.

"ഇത് താൻ തോമസ് മുതലാളി ശൊന്ന അന്ത സാറ്. അന്ത നേരത്തിലെ മുത്തുവോടൊപ്പം ഇരുന്ത്ച്ച്."

ആരോ ചമ്പയോട് പറയുന്നത് കേട്ടു.

ഒരു നിമിഷം അവളുടെ കണ്ണുകൾ മുഖത്ത് വന്ന് തറച്ചു. ഞെട്ടിപ്പിടയുന്ന കരിനീലനയനങ്ങൾ.

ഒന്നും പേടിക്കാനില്ലെന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ട്. വിഷത്തേക്കാളേറെ ഭയന്നിട്ടാണ്. ഒരുറക്കം കഴിയുമ്പോൾ ശരിയാകും.

അവൾ ഒന്നും സംസാരിക്കുന്നില്ല.

അവളുടെ ഈ അപരിചിതത്വം അസഹ്യമായിത്തോന്നി.

സമയം ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു. കഴിഞ്ഞു പോയ കാലം അവളോർത്തെടുക്കുകയാണോ എന്ന് തോന്നി. ഉച്ച കഴിഞ്ഞ ആശുപത്രി വരാന്തകൾ മെല്ലെ, മെല്ലെ ശൂന്യമാകാൻ തുടങ്ങി. വിഷബാധ ഗുരുതരമല്ലെന്നറിഞ്ഞിട്ടാവും അവളോടൊപ്പമുള്ളവർ യാത്ര പറഞ്ഞു പിരിഞ്ഞിരിക്കുന്നു. പുറത്ത് വെയിലാറാൻ തുടങ്ങിയിട്ടുണ്ട്. രോഗികൾക്ക് രാത്രി ഭക്ഷണവുമായി വരുന്ന പെൺകൂട്ടിരിപ്പുകാരുടെ വളകിലുക്കങ്ങൾ മാത്രം ഇടയ്ക്കിടെ ഇടനാഴിയിൽ കേൾക്കാം. ഇപ്പോൾ വരാന്തയുടെ മറവിൽ അവളും ഞാനും മാത്രം .

മെല്ലെയെഴുന്നേറ്റ് അവൾക്കരികിലേക്ക് നടന്നു.

"ചമ്പ, ഞാൻ നിന്നെക്കാണാനാണ് വന്നത്. നിന്നെക്കാണാൻ വേണ്ടി മാത്രം."

അവൾ നിശബ്ദയായി താഴക്ക് നോക്കിയിരുന്നു.

"നമ്മുടെ രാഹുലനാണ് പറഞ്ഞത്. നീയോർക്കുന്നില്ലെ. നമ്മുടെ ചെട്ടിയാരുടെ കമ്പനിയിലെ നൈറ്റ് സൂപ്പർവൈസർ. നീയിവിടുണ്ടെന്നും, നിന്റെ കല്യാണം കഴിഞ്ഞെന്നും, ഭർത്താവ് മരിച്ചുപോയെന്നുമൊക്കെ."

മെല്ലെ കൈയ്യുയർത്തി അവളുടെ തോളിൽവച്ചമർത്തി.

അടുത്ത നിമിഷം അവളുടെ കത്തുന്ന കണ്ണുകൾ മുഖത്ത് വീണു.

"നാൻ എന്ന തേവിടിയെന്ന് നെനച്ചിരിക്കയാ."

തീ പൊള്ളിയതു പോലെ കൈ വലിച്ചെടുത്തു. ഒരുത്തരവും കിട്ടുന്നില്ല. ഇത്തരമൊരവസ്ഥ പ്രതീക്ഷിച്ചതല്ല.

അവൾ കണ്ണുകൾ പിൻവലിച്ചിരിക്കുന്നു. നിറമാറിടം കിതച്ചിട്ടെന്ന വണ്ണം ഉയർന്നു താഴുന്നു. ഒരു മന്ത്രണം പോലെ വീണ്ടുമാ സ്വരം.

"തിരുമണവും മുടിയലെ. മാപ്പിളയും എരന്ത് പോകലെ. ഞാൻ *കർപ്പടിക്കപ്പെട്ടത് പതിനാലു വർഷം മുന്നാടി. അത് നീങ്കളുക്ക് നന്നായി തെരിയും. ''

ദൈവമേ! അപ്പോൾ ബാബു.

ബാബു തന്റെ മകനോ?

അറിയാതെ ഒച്ചയുയർന്നു പോയി. ഉള്ളിൽ പറയാനാവാത്തൊരു സന്തോഷം. ഊഷരമായ ഗർഭപാത്രവുമായി വീട്ടിലിരിക്കുന്ന ഭാര്യയുടെ മുഖം തെളിയുന്നു.

നിമിഷങ്ങൾ കൊഴിഞ്ഞു വീണുകൊണ്ടിരുന്നു.

ആശുപത്രിക്കെട്ടിടത്തിന്റെ നിശബ്ദവാതായനങ്ങളിലേക്ക് വിരുന്നെത്തിയ കാറ്റ് മരവാതിലുകളെ തട്ടിവിളിക്കുന്നു.

ഒടുവിൽ ദീർഘമായ മൗനം ഭേദിച്ച് അവൾ ചോദിച്ചു.

"നീങ്ക എപ്പ ഊര്ക്ക് തിരുമ്പി പോകറ്ത്?"

അവിശ്വസനീയതയോടെ നോക്കി. ബാബു തന്റെ മകനാണ്. അവനെയൊന്ന് കാണണ്ടേ.

അവൾ എഴുന്നേറ്റ് അടുത്തേക്ക് വരുന്നു.

"തിരുമ്പിപ്പോകണം. മുത്തു തൂക്കം വിട്ടു വരുമ്പോ ഞാൻ ശൊല്ലിക്കൊടുപ്പേം. അവനെ കാപ്പാത്തിയ അണ്ണൻ നല്ലാരുക്ക്ന്ന്."

ഇനിയിവിടെ നിൽക്കാൻ വയ്യ. അവളുടെ കണ്ണുകളെ അതിജീവിക്കാനാവില്ല.

ആശുപത്രിയുടെ മുറ്റത്തെ കൽപ്പടവുകളിലേക്ക് ഇറങ്ങുമ്പോൾ പിന്നിലൊരു കാൽപ്പെരുമാറ്റം. തിരിഞ്ഞു നോക്കി.

അവൾ. വാരിച്ചുറ്റിയ ചേലയിൽ പൊതിഞ്ഞ് സ്വർണ്ണവർണ്ണത്തിലൊരു കൊടി നാട്ടിയ പോലെ.

"എനക്ക് **ഉടമ്പു മട്ടുമല്ല. അതുക്ക് മേലെ ഒരു മനസ്സുമിരുക്ക്."

വല്ലാതെ ചെറുതായിപ്പോയ പോലെ. മെല്ലെ ഒതുക്കു കല്ലുകളിറങ്ങി. റോഡരുകിൽ വരണ്ടു കിടക്കുന്ന ഒരു നീർച്ചാല്. വെള്ളമണലിൽ എന്നോ നനവ് എഴുതിച്ചേർത്ത അടയാളങ്ങൾ. റോഡിൽ നിന്ന് ഒന്നുകൂടെ തിരിഞ്ഞു നോക്കി. അവൾ നോക്കിനിൽക്കുന്നുണ്ടായിരിക്കണം.

കാഴ്ചയെ തടുത്ത് ആശുപത്രിക്കെട്ടിടം തലയുയർത്തി നിന്നു. സൂര്യൻ ചാഞ്ഞ ചക്രവാളത്തിൽ നിന്ന് ചുവപ്പ് ഒപ്പിയെടുത്ത് അണിഞ്ഞൊരുങ്ങിയ മുറ്റം. അവിടെ ചമ്പ എന്നല്ല ആരും എന്നെ നോക്കി നിൽക്കുന്നില്ല.

*വഴി പിഴച്ചത്

** ശരീരം